സാമ്പത്തിക വർഷം	റ്റി.എ. ഇതര ഉദ്യോഗസ്ഥർ (രൂപ ലക്ഷത്തിൽ)
2006-07	5.27
2007-08	3.04
2008-09	4.25
2009-10	4.30
2010-11	1.88

മാനേജിംഗ് ഡയറക്ടർ ഫോൺ ബിൽ ഇനത്തിൽ 55,535 രൂപ 2010 ഡിസംബർ വരെ ചെലവാക്കിയിട്ടുണ്ട്.

(ഇ) വനിതാ വികസന കോർപ്പറേഷനിൽനിന്നും 2006-07-ൽ 4.19 ലക്ഷം രൂപയും, 2007-08-ൽ 3.42 ലക്ഷം രൂപയും 2008-09-ൽ 3.90 ലക്ഷം രൂപയും 2009-10-ൽ 4.79 ലക്ഷം രൂപയും 2010-11-ൽ 5.21 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

2010-ലെ സാമൂഹ്യക്ഷേമവകുപ്പ് സ്പെഷ്യൽ റൂൾ ഭേദഗതി

86 (536) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ സാമൂഹ്യക്ഷേമവകുപ്പ് സ്പെഷ്യൽ റൂൾ ഭേദഗതിയിൽ മിനിസ്റ്റീരിയൽ വിഭാഗം സ്ത്രീ ജീവനക്കാരെ ഒഴിവാക്കി സി.ഡി.പി.ഒ., എ.സി.ഡി.പി.ഒ. തസ്തികകൾ പൂർണ്ണമായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാർക്കായി സംവരണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇങ്ങനെയുള്ള സംവരണം കേന്ദ്ര നിർദ്ദേശങ്ങൾക്കനുസൃതമായാണോ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-3-2010-ലെ സ.ഉ.(പി.)നമ്പർ 23/10/സാ.ക്ഷേ.വ. പ്രകാരം നിലവിൽവന്ന കേരള സോഷ്യൽ വെൽഫെയർ സ്റ്റേറ്റ് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സി.ഡി.പി.ഒ. തസ്തികയിലെ നിയമനം, കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഉൾപ്പെട്ട എ.സി.ഡി.പി.ഒ./ന്യൂട്രീഷനിസ്റ്റ്/പ്രീ-സ്കൂൾ എജ്യൂക്കേഷനിസ്റ്റ്/സോഷ്യോളജിസ്റ്റ്/സോഷ്യൽ സയന്റിസ്റ്റ് (വനിതാ ജീവനക്കാർ) എന്നിവരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും, ഇവരുടെ അഭാവത്തിൽ കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിനുമാണ് വ്യവസ്ഥ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എ.സി.ഡി.പി.ഒ. തസ്തിക പൂർണ്ണമായും ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ ഉദ്യോഗക്കയറ്റം മുഖേന നികത്തുന്നതിന് സംവരണം ചെയ്തിട്ടുണ്ട്.

(ബി) ഐ.സി.ഡി.എസ്. പദ്ധതിയുടെകീഴിൽ അങ്കണവാടിതലം മുതൽ പ്രവർത്തിച്ച് പരിചയംനേടിയ സൂപ്പർവൈസർമാരുടെ സേവനം ഉയർന്ന തസ്തികകളിലും ഉറപ്പാക്കുന്നതുവഴി കാര്യക്ഷമത വർദ്ധിപ്പിക്കാനാണ് ഭേദഗതി വരുത്തിയത്.

(സി) ഇതുസംബന്ധിച്ച് പ്രത്യേക കേന്ദ്ര നിർദ്ദേശങ്ങളൊന്നുമില്ല.

വികലാംഗരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

87 (537) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികലാംഗരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നടപടികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ രൂപമെന്താണെന്ന് വിശദീകരിക്കുമോ ;

(സി) വികലാംഗരുടെ പ്രീമിയം അടയ്ക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അവർക്ക് ഇതുമുഖേന ലഭിക്കുന്ന കവറേജിന്റെയും, ചികിത്സാ സേവനങ്ങളുടേയും വിശദവിവരം നൽകുമോ ;

(ഇ) എത്ര വികലാംഗർക്കാണ് സംസ്ഥാനമൊട്ടാകെ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ വികലാംഗരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ അക്ഷയ സെന്ററുകൾവഴി നടന്നുകഴിഞ്ഞു. ഇവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള എൻറോൾമെന്റ് നടപടികൾ പുരോഗമിക്കുകയാണ്.

(ബി) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയി(ചിസ്)-ലാണ് വികലാംഗർ ഉൾക്കൊള്ളുന്ന കുടുബങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) അക്ഷയ കേന്ദ്രങ്ങൾവഴി രജിസ്റ്റർചെയ്തിട്ടുള്ള വികലാംഗർ ഉൾക്കൊള്ളുന്ന കുടുംബങ്ങളുടെ മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly